©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday | **2023 ജൂലൈ 01** 01st July 2023 **1198 മിഥുനം 16** 16th Mithunam 1198 **1945 ആഷാഢം 10** 10th Ashadha 1945 | **നമ്പർ** No. **2173** |


**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

വിജ്ഞാപനം

നമ്പർ:34/2023/സം.തി.ക — തിരുവനന്തപുരം, 2023 ജൂൺ 30

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994 ലെ 13) 86-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1999 നവംബർ 15-ാം തീയതിയിൽ 234/99/സം.തി.ക നമ്പരായി പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2085-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും സംസ്ഥാനത്തെ ഗ്രാമ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പഞ്ചായത്തുകളിലേയ്ക്കും, ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും, ജില്ലാ പഞ്ചായത്തുകളിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ നിന്നും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സ്വീകരിക്കുന്നതിനും അത് പരിശോധിച്ച് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി, ഗ്രാമ പഞ്ചായത്തുകളിൽ അതാത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയേയും ബ്ലോക്ക് പഞ്ചായത്തുകളിൽ അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും ജില്ലാ പഞ്ചായത്തുകളിൽ അതാത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയേയും നിശ്ചയിച്ചു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

<u>വിശദീകരണകുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ച്കൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും ജില്ലാ പഞ്ചായത്തുകളിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ സമർപ്പിക്കുന്ന തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയേയും ജില്ലാ കളക്ടറേയും ആണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്നവരെ അയോഗ്യരാക്കുന്നതിനുള്ള നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.07.01 06:04:24 +05:30